## ഒൻപതാം ദിവസം

# വലിയനോമ്പ് 2017 – ആത്മീയചിന്ത ശകലങ്ങൾ

യേശുവിന്റെ മനസ്സ് അലിഞ്ഞ് കുഷ്ഠരോഗിയെ തൊട്ടിട്ട് കർത്താവിന് മനസ്സ് ഉണ്ട്, ശുദ്ധമാകുക എന്നു പറഞ്ഞു. അവന് കുഷ്ഠം മാറി ശുദ്ധി വന്നു. ആധുനികലോകത്ത് എല്ലാവർക്കും കുഷ്ഠം മാറണം, രോഗം മാറണം. 'ശുദ്ധി'യെപ്പററി ഒന്നും അറിയണമെന്നില്ല. അത് മനുഷ്യന്റെ ഏത് ഭാഗത്തിന് വരുന്ന ശുദ്ധിയാണെന്നും അറിയില്ല. ശരീരത്തിന്റെ ശുദ്ധീകരണത്തെപ്പററി അല്ല ഇവിടെ പ്രതിപാദിക്കുന്നത്. ദേഹം, ദേഹി, ആത്മാവ് എന്നിവ ചേർന്നതാണ് മനുഷ്യൻ. പാപമോചനം ലഭിക്കുമ്പോൾ ദേഹി ശുദ്ധീകരിച്ച്, ദേഹത്തിന് സൗഖ്യം ലഭിക്കുന്നു. ശുദ്ധീകരണവും അതുവഴി രോഗസൗഖ്യവും ലഭിക്കണമെങ്കിൽ കർത്താവിന്റെ മുമ്പിൽ മുട്ടുകുത്തി അപേക്ഷിക്കണം. കർത്താവിന്റെ ഇഷ്ടം നമ്മുടെ ഓരോരുത്തരുടെയും ശുദ്ധീകരണം ആണ്. അശുദ്ധികൾ വരുന്ന വഴികൾ കണ്ടുപിടിച്ച് അതിനെ വിലക്കി, ശാസിച്ച്, ശുദ്ധീകരണത്തിനായി ദൈവത്തിൽ കൂടുതൽ ആശ്രയിച്ചു ജീവിക്കുവാൻ നാം ഓരോരുത്തർ ശ്രമിക്കണം. യാമപ്രാർത്ഥനകൾ യഥാസമയം പൂർത്തികരിക്കുവാൻ നാം പരമാവധി ശ്രമിക്കണം. അല്ലെങ്കിൽ അവസരങ്ങൾ കാത്തിരിക്കുന്ന ദുഷ്ടശക്തി ബലപ്പെട്ട് നമ്മെ കീഴ്പ്പെടുത്താം. വളരെ ശ്രദ്ധയോടെ ദൈവവചനത്തിൽ മാത്രം ആശ്രയിച്ച് മുന്നോട്ടു നീങ്ങാം. എല്ലാവരെയും ദൈവം തമ്പുരാൻ സഹായിക്കട്ടെ.

പ്രാർത്ഥനയോടെ,

ബിജോയ് ശാമുവേൽ അബുദാബി